STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.48/PR/SPMC/PHQ/2025 Date: 07.04.2025

## ഗതാഗത നിയമലംഘനത്തിനു 25,135 വാഹനങ്ങൾക്ക് പിഴചുമത്തി

ദേശീയ, സംസ്ഥാന പാതകളിലെ വാഹനാപകടങ്ങൾ കുറയ്ക്കാനും ഗതാഗത കുരുക്ക് ഒഴിവാക്കി സുരക്ഷിതയാത്ര ഉറപ്പാക്കാനും ലക്ഷ്യമിട്ട് ട്രാഫിക് പോലീസ് നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ നിയമലംഘനം നടത്തിയ 25,135 വാഹനങ്ങൾ (NH 6,071, SH 8,629, മറ്റ് റോഡുകൾ 10,289) കണ്ടെത്തുകയും പിഴ ചുമത്തുകയും ചെയ്തു.

2025 മാർച്ച് 26 മുതൽ 31 വരെയുള്ള കാലയളവിലാണ് സ്പെഷ്യൽ ഡ്രൈവ് നടത്തിയത്. ഈ കാലയളവിൽ സംസ്ഥാന വ്യാപകമായി കർശന പരിശോധന നടത്തുകയും അലക്ഷ്യമായ പാർക്കിങ്ങിന് പിഴ ചുമത്തുകയും ചെയ്തു.

റോഡരികിലെ അലക്ഷ്യമായ പാർക്കിങ്ങ് മൂലം ഉണ്ടാകുന്ന അപകടങ്ങളെയും നിയമപരമായ പ്രത്യാഘാതങ്ങളെയും കുറിച്ച് ഡ്രൈവർമാർക്ക് ബോധവൽക്കരണം നൽകുക എന്നിവയുൾപ്പെടെ അടിയന്തര നടപടികൾ സ്വീകരിച്ചു. സ്പെഷ്യൽ ഡ്രൈവിന് പൊതുജനങ്ങളിൽ നിന്ന് മികച്ച പ്രതികരണമാണ് ലഭിച്ചത്. കൂടാതെ ദിനംപ്രതിയുള്ള അപകടങ്ങളിൽ ഗണ്യമായ കുറവുണ്ടായി. അപകടങ്ങൾ തടയുന്നതിന് അനുവദനീയമല്ലാത്ത സ്ഥലങ്ങളിൽ വാഹനങ്ങൾ പാർക്ക് ചെയ്യരുതെന്ന് ജനങ്ങൾക്ക് നിർദ്ദേശം നൽകി.

സമാനമായ സ്പെഷ്യൽ ഡ്രൈവുകൾ തുടരുകയും ആവർത്തിച്ചുള്ള നിയമലംഘനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

ട്രാഫിക് നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ, ട്രാഫിക് & റോഡ് സേഫ്റ്റി മാനേജ്മെന്റിന്റെ റോഡ് സുരക്ഷാ സംരംഭമായ ശുഭയാത്ര വാട്സ്ആപ്പ് നമ്പർ (974700 1099) മുഖേന നിയമലംഘനങ്ങളുടെ ഫോട്ടോ, ഓഡിയോ, വീഡിയോ, എന്നിവയോടൊപ്പം നിയമലംഘനം നടന്ന ജില്ല, സ്ഥലം, തീയതി, സമയം, വാഹനത്തിന്റെ നമ്പർ ഉൾപ്പെടെ പൊതുജനങ്ങൾക്ക് അറിയിക്കാവുന്നതാണ്.

************************